(ബി) ശമ്പള പരിഷ്കരണം അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ&ബി) സിഡ്കോയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റാഫ് പാറ്റേൺ പുനർ നിർണയിക്കുന്നതിൽ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നു. ഇതു പരിഹരിച്ച് ശമ്പള പരിഷ്കരണം ഉടൻ തന്നെ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

യെസ് സംഗമം

280 (620) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-ൽ സർക്കാർ നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിലൂടെയും ഈ സർക്കാർ നടത്തിയ എമർജിംഗ് കേരളയിലൂടെയും എന്ത് തുകയുടെ നിക്ഷേപം ലഭ്യമാക്കാനാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ രണ്ട് പരിപാടികളിലൂടെ എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാനായി എന്ന് വിശദമാക്കാമോ ;

(സി) ജിം. എമർജിംഗ് കേരള തുടങ്ങിയ സംരംഭങ്ങൾ പ്രഹസനമാകുന്നതായും അതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ നിലനിൽക്കുകയും ചെയ്യുമ്പോൾ ഇപ്പോൾ നടത്തിയ യെസ് സംഗമത്തിന്റെ ഗതിയെക്കുറിച്ചുയർന്ന ആശങ്ക സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(ഡി) യെസ് സംഗമം സംഘടിപ്പിക്കുന്നതിന് എത്ര തുക ചെലവായി എന്ന് വിശദാംശം സഹിതം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ കേരളത്തിലെ നിക്ഷേപ സാദ്ധ്യത വർദ്ധിപ്പിക്കാനാണ് 2003-ൽ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് നടത്തിയത്, ഈ സംഗമത്തിന്റെ ഭാഗമായി ഏകദേശം 11,000 കോടി രൂപ മുതൽമുടക്ക് വരുന്ന 96 പദ്ധതികൾക്ക് വിവിധ വകുപ്പുകൾ എം.ഒ.യു. ഒപ്പ് വയ്ക്കുകയുണ്ടായി. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ഏകദേശം 339.70 കോടി രൂപ മുതൽമുടക്ക് വരുന്ന 19 പദ്ധതികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I *ആയി ചേർത്തിട്ടുണ്ട്.

2012 ൽ കൊച്ചിയിൽ നടന്ന 'എമർജിംഗ് കേരള' സംഗമം കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംഘടിപ്പിച്ചത്. എമർജിങ്ങ് കേരള നിക്ഷേപ സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലായി ലഭിച്ച 177 പദ്ധതികളിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ മാത്രം ഇപ്പോൾ 19 പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം II *ആയി ചേർത്തിട്ടുണ്ട്.

(സി) യങ്ങ് എന്റർപ്രണർ സമ്മിറ്റ് ഒരു നിക്ഷേപ സമാഹരണ പദ്ധതിയായിരുന്നില്ല. ചെറുപ്പക്കാരുടെ ഇടയിൽ സംരംഭകത്വം വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടെയാണ് 'യെസ് 'സംഘടിപ്പിച്ചത്. മികച്ച സ്റ്റാർട്ട് അപ്പ് പ്രൊപ്പോസലുകൾക്ക് സംഗമത്തിൽ വച്ച് അവാർഡും നൽകുകയുണ്ടായി. യെസ് സമ്മിറ്റിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിച്ച് പുതിയ സംരംഭങ്ങൾ വരുന്നതിലേയ്ക്കായി നടപടിയും എടുത്തു വരുന്നു. കൂടാതെ, സീഡ് ഫണ്ട് സപ്പോർട്ട് നൽകുന്നതിനും നടപടിയെടുത്തിട്ടുണ്ട്. 'യെസ് സംഗമം മൂലം സംസ്ഥാനത്ത് കൂടുതൽ പുതിയ സംരംഭങ്ങൾക്ക് രൂപം നൽകുവാൻ സാധിക്കുമെന്നത് ഒരു നേട്ടമാണ്. ഇതിന്റെ തുടർനടപടികളാണ് ഇനിയും സ്വീകരിക്കേണ്ടത്.

(ഡി) യെസ് സംഗമത്തിനായി നാളിതു വരെ ചിലവാക്കിയ തുക 169.00 ലക്ഷം രൂപയാണ്. വിശദവിവരം അനുബന്ധം III*ആയി ചേർത്തിട്ടുണ്ട്.